പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4175

**03.02.2014** ൽ മറുപടിക്ക്

<u>വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ സംരക്ഷണത്തിനായി പുലിമുട്ടുകൾ</u>

| | ചോദ്യം<br>ശ്രീ. പി. എ. മാധവൻ | | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവവകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മണലൂർ നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ തീരദേശ സംരക്ഷണത്തിനായി പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസിദ്ധമായ വാടാനപ്പള്ളി ബീച്ച് കടലാക്രമണത്തിൽ നിന്നും സ്ഥിരമായി സംരക്ഷിച്ചു നിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ബി) | വാടാനപ്പള്ളി ബീച്ച് കടലാക്രമണത്തിൽ നിന്നും സ്ഥിരമായി സംരക്ഷിച്ചു നിർത്താൻ, പുലിമുട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സാദ്ധ്യതാപഠനം നടത്തുന്നതിനുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് സർക്കാരിനു നൽകിയ നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (സി) | സാദ്ധ്യതാപഠനത്തിനായി 10-09-2013 ലെ സ.ഉ. (സാധാ) നം. 996/13/ഡബ്ല്യു.ആർ.ഡി പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി കോസ്റ്റൽ ഇറോഷൻ സ്റ്റഡീസ് ഡിവിഷൻ, തൃശ്ശൂരിന് നൽകിയിട്ടുണ്ട്. |
| (ഡി) | പുലിമുട്ടുകൾ നിർമ്മിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഡി) | സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചതിനു ശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

12